മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 26 | THE ONLINE OFFICIAL NEWS BULLETIN | 2024 June 06

SEASON OF PENTECOST പെന്തിക്കോസ്തികാലം

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
♪2 3rd Sunday after Pentecost 9	♪6 10	♪2 Comme. of St. Bartholomew the Apostle 135th Mem. of Shemavon Mar Athanasius ✠ (Kottayam Pathen Palli) 96th Mem. of Geevarghese Mar Severios ✠ (Kottayam Valiya Palli) 11	♪6 12	♪2 13	♪6 14	♪2 ✟ First Church establised in the name of Virgin Mary 15



HH Baselius Marthoma Mathews III at Malankara Orthodox Sangamam 2024 at St. Patrick's College, Maynooth. Co. Kildare, Ireland.



യു.കെ.-യൂറോപ്പ്-ആഫ്രിക്കാ ഭദ്രാസനത്തിന്റെ അയർലൻഡ് റീജിയണിന്റെ സംഗമം വർണ്ണാഭമായി നടത്തപ്പെട്ടു.



പരുമല സെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന യൂയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 99-ാം ഓർമ്മപ്പെരുന്നാൾ പരുമല സെമിനാരിയിൽ ആചരിച്ചു. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത പ്രധാന കാർമികത്വം വഹിച്ചു. കുര്യാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പോലീത്താ സഹകാർമികത്വം വഹിച്ചു.



HH Baselius Marthoma Mathews III with Ecumenical Leaders at Dublin Christ Church Cathedral, Irelend.



ഓർത്തഡോക്സ് സഭ നിരണം ഭദ്രാസന പരിസ്ഥിതി കമ്മീഷന്റെ നേതൃത്വത്തിൽ നടന്ന സമ്മേളനം ഡോ. യുഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.



കോട്ടയം കഞ്ഞിക്കുഴിയിലുള്ള മർത്തമറിയം കേന്ദ്ര ഓഫിസിൽ വച്ച് നടന്ന സിവിൽ സർവീസ് മാർഗ്ഗ നിർദ്ദേശ ക്യാമ്പ് ഡോ. യുഹാനോൻ മാർ ദിയസ്കോറോസ് ഉത്ഘാടനം ചെയ്തു. ഡോ. റ്റിജു തോമസ് ഐ.ആർ.എസ്. മുഖ്യ ക്ലാസ് നയിച്ചു.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 1925-1926 ലെ കല്പനകളുടെ നമ്പർ ബുക്ക്.

814. കല്ലറയ്ക്കൽ കുഞ്ചപ്പനു. കേസിന്റെ വർത്തമാനങ്ങൾക്കും പണപ്പിരിവിനെക്കുറിച്ചും. 1101 ധനു 28-നു പരുമല സിമ്മനാരിയിൽ നിന്നും.

815. കിഴക്കേയറ്റത്തു കുഞ്ഞപ്പനു. പണം തിരുവനന്തപുരത്തിനു അയച്ചു കൊടുപ്പാൻ കുഞ്ചപ്പനോടു പറയണമെന്നും കേസുകാര്യങ്ങളും. ടി തീയതി. ടി സ്ഥലം.

816. എറികാട്ടു കൊച്ചുകുഞ്ചപ്പനു. കേസുകളെ സംബന്ധിച്ചും പണത്തെക്കുറിച്ചും. ടി തീയതി. ടി സ്ഥലം.

817. പി. പി. തൊമ്മൻ മാസ്റ്റർക്കു. കേസുകളെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

818. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. കേസുകളെക്കുറിച്ചും പീലിപ്പോച്ചനോടു മദ്രാസിനു പോകുന്നതിനെക്കുറിച്ച് പ്രത്യേകം പറയണമെന്നും. ടി തീയതി. ടി സ്ഥലം.

819. തയ്യിൽ ഈപ്പച്ചനു. പണചിലവുകളെക്കുറിച്ചും, മദ്രാസിന് വക്കീലിനെ ഏർപ്പെടുത്തുവാൻ പോകുന്ന സംഗതിയെക്കുറിച്ചും. ടി തീയതി. ടി സ്ഥലം.

820. പറമ്പിൽ കൊച്ചുമ്മൻ വാദ്ധ്യാർക്കു. കേസുകളെ സംബന്ധിച്ചും, പണപ്പിരിവ് കഴിയുന്നതും ഊർജ്ജിതത്തിൽ നടത്തണമെന്നും. ടി തീയതി. ടി സ്ഥലം.

821. പുതിയമഠത്തിൽ കീവറിച്ചന്. പണപ്പിരിവ് എത്രയുംവേഗത്തിൽ നടത്തണമെന്നും കേസുകളെക്കുറിച്ചും. ടി തീയതി. ടി സ്ഥലം.

822. പാലപ്പള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങളും, കേസുകളെ സംബന്ധിച്ചും. 1101 മകരം 1-നു പരുമല സിമ്മനാരിയിൽ നിന്നും.

823. ഇലഞ്ഞിക്കൽ പീലിപ്പോച്ചന്. കേസുകളെക്കുറിച്ചും, വക്കീലന്മാരെ കേസു പഠിപ്പിക്കുന്നതിനെക്കുറിച്ചും. ടി തീയതി. ടി സ്ഥലം.

824. തയ്യിൽ കൊച്ചീപ്പച്ചന്. വക്കീലന്മാരെ ഏർപ്പെടുത്തുക, കേസിനെ സംബന്ധിച്ച മറ്റു സംഗതികൾ നടത്തുക മുതലായവയെക്കുറിച്ച്. ടി തീയതി. ടി സ്ഥലം.

825. കൊച്ചിടിക്കുള, തിരുവനന്തപുരം. ടി കാര്യങ്ങൾ ഇന്നയിന്നവരെ പ്രത്യേകം ഏല്പിച്ചിട്ടുണ്ടെന്നും മറ്റും. ടി സ്ഥലം. ടി തീയതി.

826. റാവുസാഹിബ് ഒ. എം. ചെറിയാന്. പന്തളത്തു തുള്ളന്നൂർ ടി 25 നമ്പ്ര പരസ്പര സഹായസംഘം വകയായി ടി പള്ളിക്കാർ നടത്തുന്ന മലയാളം സ്കൂളിനു അനുവാദവും ഗ്രാന്റും നൽകണമെന്നും മറ്റും. 1101 മകരം 2-നു പരുമല സിമ്മനാരിയിൽ നിന്നും.

827. പി. എം. പത്രോസ്സിന് (മുളന്തുരുത്തി). ടിയാന്റെ ഇതഃപര്യന്തമുള്ള ശ്രമങ്ങളെക്കുറിച്ചറിയുന്നതിൽ സന്തോഷിക്കുന്നു എന്നും കേസുകളുടെ വർത്തമാനങ്ങളെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

828. ആർത്താറ്റു കുന്ദംകുളം പള്ളിക്കാർക്കു. കേസുകളെക്കുറിച്ചും, അതുകൾക്ക് പണം അയച്ചുതരണമെന്നും, 1000 രൂപ ആ പള്ളിയിൽ നിന്നും പിരിച്ചയക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

829. തെക്കേക്കര കുറിയാക്കോസു കത്തനാർക്കു. ആർത്താറ്റു കുന്ദംകുളം പള്ളികൾക്കയക്കുന്ന കല്പനയെക്കുറിച്ചും പണം പരിച്ചയക്കുന്നതിന് വേണ്ട ഉത്സാഹം ചെയ്യണമെന്നും. ടി തീയതി. ടി സ്ഥലം.

830. പഴഞ്ഞി പള്ളിക്കാർക്കു. കേസുകളെക്കുറിച്ചും വട്ടിപ്പണക്കേസിലേക്കു



വേണ്ട ചിലവുകൾക്ക് ആ പള്ളിയിൽ നിന്നും 300 രൂപ പിരിച്ചയക്കണമെന്നും. ടി തീയതി. ടി സ്ഥലം.

831. പുലിക്കോട്ടിൽ മത്തായി കത്തനാർക്കു. പഴഞ്ഞി പള്ളിയിൽ നിന്നും പണം പിരിച്ചു ഉടൻതന്നെ അയയ്ക്കണമെന്ന്.

832. ... ആർത്താറ്റു കുന്ദംകുളം പള്ളികളിൽ നിന്നും പണം പിരിച്ചയയ്ക്കുന്നതിന് ഉത്സാഹിക്കണമെന്നും മറ്റു വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

മകരം 3. കോട്ടയത്തു നിന്നും സമരിക്കേസു ഗുണമായി വിധിച്ച വിവരത്തിന് കമ്പി വന്നു. സകലവും ഗുണമായിട്ടാണു വിധിച്ചിരിക്കുന്നത്.

833. ഒ. എം. ചെറിയാന്. നിലയ്ക്കൽ പള്ളിയിലേക്കു തൽക്കാലം പുറപ്പെടാൻ തക്ക സുഖമില്ലെന്നും കാലിന്റെ വിരലിന്മേൽ പഴുപ്പാണെന്നും, സുഖമുണ്ടെന്നും മറ്റും. 1101 മകരം 4-നു പരുമല സിമ്മനാരിയിൽ നിന്നും.

834. കൊച്ചുമെത്രാച്ചന്. കാലിന്മേലെ സുഖക്കേടിനെപ്പറ്റിയും സമരി ഗുണമായി വിധിച്ചതിനെക്കുറിച്ചും പുനരപ്പീലിന്റെ അവധിയെപ്പറ്റിയും മറ്റും. ടി തീയതി. ടി സ്ഥലം.

835. പാലപ്പള്ളിൽ പൗലൂസ് കത്തനാർക്കു. സമരിയുടെ തീർച്ചയെക്കുറിച്ചും വട്ടിപ്പണക്കേസിന്റെ പുനരപ്പീലിന്റെ അവധിയെക്കുറിച്ചും കാലേലുള്ള സുഖക്കേടിനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

836. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. കാലിലെ സുഖക്കേടിനെക്കുറിച്ചും സമരിക്കേസിന്റെ തീർച്ചയെപ്പറ്റിയും മല്പാനെ തിരുവനന്തപുരത്തേക്കു ഉടൻ അയക്കണമെന്നും മറ്റും. 1101 മകരം 5-നു പരുമല സിമ്മനാരിയിൽ നിന്നും.

837. .... കാലിന്റെ സുഖക്കേടിനെക്കുറിച്ചും അവിടത്തെ പള്ളികാര്യങ്ങൾക്കു കല്പന അയയ്ക്കേണ്ടതിന്നു എന്തെന്നു ഒരു നക്കൽ അയച്ചുതരണമെന്നും. സമരിക്കേസിന്റെ വിധിയെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

838. ഇലഞ്ഞിക്കൽ പീലിപ്പോച്ചന്. കേസുകളുടെ കാര്യത്തെക്കുറിച്ചും മദ്രാസിൽ നിന്നും വക്കീലിനെ വരുത്തുന്നതിനെപ്പറ്റിയും, അറബിക്കാനോനെ സംബന്ധിച്ചും മറ്റും. ടി സ്ഥലം. ടി തീയതി.

839. തയ്യിൽ കൊച്ചീപ്പച്ചനു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

840. ടി. വി. മാത്യുവിന്. പണപ്പിരിവിനെ സംബന്ധിച്ചും, കാലിന്മേലുള്ള സുഖക്കേടിനെക്കുറിച്ചും, മല്പാൻ ഉടനെ തിരുവനന്തപുരത്തിനു പോകുന്നതാണെന്നും. ഉടൻ അങ്ങോട്ടു പോയി അവിടെ വേണ്ടതു എല്ലാം ചെയ്യണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

841. മട്ടയ്ക്കൽ മല്പാന്. സമരിക്കേസിന്റെ വിധിയിൽ സന്തോഷിക്കുന്നു എന്നും, കോശി വക്കീൽ മുതലായവരെ അഭിനന്ദിക്കുന്നുവെന്നു പറയണമെന്നും വിധി നടത്തിപ്പിനു വേണ്ടപ്രകാരം പരിശ്രമിക്കണമെന്നും മറ്റും. 1926 മകരം 5-നു പരുമല സിമ്മനാരിയിൽ നിന്നും.

മകരം 5. കോട്ടയം സിമ്മനാരി കെട്ടിടങ്ങളും പുരയിടങ്ങളും നടത്തി കിട്ടിയതായിട്ട് കമ്പി കിട്ടി.

842. മട്ടയ്ക്കൽ മല്പാന്. സമരിക്കേസു നടത്തി കിട്ടിയതിനെക്കുറിച്ചു സന്തോഷിക്കുന്നു എന്നും വട്ടിപ്പണക്കേസിന്റെ അവധിയെക്കുറിച്ചും തിരുവനന്തപുരത്തേക്ക് ഉടനെതന്നെ പോകണമെന്നും മറ്റും. 1101 മകരം 6-നു പരുമല സിമ്മനാരിയിൽ നിന്നും.

843. ഇലഞ്ഞിക്കൽ പീലിപ്പോച്ചന്. സമരിക്കേസു നടത്തി കിട്ടിയതിനെക്കുറിച്ചും മദ്രാസിന് ഉടൻതന്നെ പോകണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

844. പറമ്പിൽ കൊച്ചുമ്മൻ വർക്കിക്ക്. വട്ടിപ്പണക്കേസിന്റെ അവധി അറിഞ്ഞതുകൊണ്ടു പണം ഉടൻതന്നെ പിരിഞ്ഞു കിട്ടുന്നതിനു വേണ്ട ഉത്സാഹങ്ങൾ ചെയ്യണമെന്നും, സമരിക്കേസു ഗുണമായി വിധിച്ച്, വിധി നടത്തി കിട്ടിയതിനെക്കുറിച്ചും, കാലിലെ സുഖക്കേടിനെ സംബന്ധിച്ചും മറ്റും. 1101 മകരം 6-നു പരുമല സിമ്മനാരിയിൽ നിന്നും.

845. പുതിയമഠത്തിൽ കീവറീച്ചന്. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

846. ഉമയാറ്റുകര പള്ളിക്കാർക്കു. വട്ടിപ്പണക്കേസിന്റെ അവധിയെക്കുറിച്ചും ആ പള്ളിക്കു വരിയിട്ടിരിക്കുന്ന പണം ഉടൻ പിരിച്ചു നിരണത്തു പനങ്ങോട്ടേത്തു കൊച്ചുമ്മന് എത്തിച്ചുകൊടുക്കണമെന്നും. സിമ്മനാരി സമരിയുടെ വിധിയെപ്പറ്റിയും മറ്റും. 1101 മകരം 7-നു പരുമല സിമ്മനാരിയിൽ നിന്നും.

847. അയിരുംപള്ളിൽ പാപ്പിക്ക്. കല്ലൂപ്പാറപള്ളിയിലെ പണം ഉടൻ പിരിച്ച് അയച്ചുതരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

848. കക്കുടിയിൽ മാത്യൂസ് കത്തനാർക്കു. വെണ്ണിക്കുളത്തു പള്ളിയിലെ പണം പിരിച്ച് നിരണത്തു പനങ്ങോട്ടേത്തു കൊച്ചുമ്മനു എത്തിച്ചുകൊടുക്കണമെന്നും ടി. 846-ൽ കാണുന്ന വിവരങ്ങളും മറ്റും. ടി തീയതി. ടി സ്ഥലം.

849. പള്ളിപ്പാട്ടു പള്ളിക്കാർക്കു. വട്ടിപ്പണക്കേസിന്റെ അവധിയെക്കുറിച്ചും ആ ഇടവകയിലെ വരിസംഖ്യ ഉടൻ പിരിച്ച് പനങ്ങോട്ടേത്തു കൊച്ചുമ്മന് എത്തിച്ചുകൊടുക്കണമെന്നും, സിമ്മനാരിക്കേസിന്റെ വിധിയേയും വിധിനടത്തിപ്പിനേയുംപറ്റിയും മറ്റും. 1101 മകരം 7-നു പരുമല സിമ്മനാരിയിൽ നിന്നും.

850. തിരുവല്ലാ പള്ളികൾക്ക്. ടി കാര്യങ്ങൾ.

851. പായിപ്പാട്ടു പുത്തൻപള്ളിക്കാർക്കു. ടി കാര്യങ്ങൾ.

852. മുണ്ടുകുഴി പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

853. കാരിച്ചാൽ പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

854. എടത്വാ പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

855. ഇരുവള്ളിത്ര പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

856. മല്ലപ്പള്ളി പുത്തൻപള്ളിക്കാർക്കു. ടി കാര്യങ്ങൾ.

857. ചെങ്ങരൂർ പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

858. കലയക്കാട്ടിൽ തോമ്മസു കത്തനാർക്കു. കവിയൂർ സ്ലീബാ പള്ളിക്കാർക്കുള്ള ടി കാര്യങ്ങൾക്കു കല്പന.

859. ചെമ്പകശ്ശേരി കണ്ടത്തിൽ കീവറീച്ചനു. കവിയൂർ പള്ളിക്കുള്ള ടി കാര്യങ്ങൾക്കുള്ള കല്പന.

860. മല്ലപ്പള്ളി വലിയപള്ളി, പനയമ്പാല, മുരണി, പുന്നവേലി മുതലായ പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

861. വീയപുരത്തു പുത്തൻപള്ളിക്കാർക്കു. മുൻ കാര്യങ്ങൾ.

862. തലവടി പടിഞ്ഞാറേക്കര പള്ളിക്കാർക്കു. മുൻ കാര്യങ്ങൾ.

863. തലവടി കിഴക്കേക്കര പള്ളിക്കാർക്കു. മുൻ കാര്യങ്ങൾ.

864. വീയപുരത്തു പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

865. വേങ്ങൽ പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

866. ചേപ്പാട്ടു പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

867. മേല്പാടത്തു പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

868. കരുവാറ്റാ പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

869. മേപ്രാൽ പഴയപള്ളിക്കാർക്കു. ടി കാര്യങ്ങൾ.

870. കാരയ്ക്കൽ പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

871. ചെന്നിത്തല പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

872. ആഞ്ഞിലിത്താനം പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

873. ഓതറ പുത്തൻപള്ളിക്കാർക്കു. ടി കാര്യങ്ങൾ.

874. മേപ്രാൽ പുത്തൻപള്ളിക്കാർക്കു. ടി കാര്യങ്ങൾ.

875. കാർത്തികപ്പള്ളി പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

876. അരാഴി പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

877. ഇരവിപേരൂർ പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

878. ഇലഞ്ഞിക്കൽ പീലിപ്പോച്ചന്. അല്ലാടി വക്കീലിനെ കാണുവാൻ ഉടൻതന്നെ മദ്രാസിന് പോകണമെന്നും ...

879. പറമ്പിൽ കൊച്ചുമ്മൻ വാദ്ധ്യാർക്കു. യോഗനിശ്ചയപ്രകാരമുള്ള പണപ്പിരിവ് ഉടൻതന്നെ നടത്തണമെന്നും എങ്ങിനെയെങ്കിലും 19-ന് മുമ്പായി കുറെ പണം ഉണ്ടാക്കിത്തരണമെന്നും മറ്റും. 1101 മകരം 8-നു പരുമല സിമ്മനാരിയിൽ നിന്നും.

880. തേരകത്തു ചെറിയാൻകുഞ്ഞിന്. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

881. ഓമല്ലൂർ പള്ളിക്കാർക്കു. യോഗനിശ്ചയപ്രകാരം ആ പള്ളിയിൽ നിന്നും തരുവാനുള്ള രൂപാ 16-നു മുമ്പായി തിരുവനന്തപുരത്തേക്കു അയച്ചുകൊടുപ്പാൻ തക്കവണ്ണം തുമ്പമൺ പറമ്പിൽ കൊച്ചുമ്മൻ വാദ്ധ്യാരുടെ പക്കൽ ഉടൻ എത്തിച്ചുകൊടുക്കണമെന്നും കേസുകളെപ്പറ്റിയുള്ള വിവരങ്ങളും മറ്റും. 1926 -ന് 1101 മകരം 8-നു പരുമല സിമ്മനാരിയിൽ നിന്നും.

882. മാക്കാംകുന്നു പള്ളിക്കാർക്കു. ടി കാര്യങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

883. പുത്തൻകാവ് പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

884. ചെങ്ങന്നൂർ പുത്തൻപള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

885. പെരിശ്ശേരി പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

886. കോഴഞ്ചേരി പുത്തൻപള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

887. കോഴഞ്ചേരി വള്ളിത്ര പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

888. നാരങ്ങാനത്തു പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

889. പരിയാരത്തു പുത്തൻപള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

890. പ്രക്കാനത്തു തോട്ടുപുറം പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

891. കടമ്മനിട്ട പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

892. കാട്ടൂർ പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

893. വയലത്തല പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

894. മതാപ്പാറ പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

895. അയിരൂർ ചെറിയപള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

896. തോട്ടമൺ പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

897. മാന്തളിർ പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

898. അറത്തിൽ പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

899. കുടശനാട്ടു പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

900. നൂറനാടു പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

901. കുരമ്പാല പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

902. ഇടകാട്ടിൽ പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

903. തുമ്പമൺ വടക്കേക്കര കാദീശാ പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

904. ചന്ദനപ്പള്ളി പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

905. മാവേലിക്കര പുതിയകാവു, പത്തിച്ചിറ, കരിപ്പുഴ, കുന്നത്തു, കല്ലിമേൽ എന്നീ പള്ളിക്കാർക്കു. ടി കാര്യങ്ങൾ.

906. ചുനക്കര പള്ളിക്കുന്നത്തു, കറ്റാനത്തു പുത്തൻ എന്നീ പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

907. ഇടവങ്കാടു പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

908. തോനക്കാടു പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

909. ബുധനൂർ പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

910. വെണ്മണി പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

911. ആറ്റുവാ പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

912. കായങ്കുളം കാദീശാ പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

913. കൊറ്റമ്പിള്ളി പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

914. തഴവാ പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

915. തേവലക്കര പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

916. കടമ്പനാട്ടു പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

917. പോരുവഴി പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

918. ചൂരനാടു പുത്തൻപള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

919. ചൂരനാടു പഴയപള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

920. കണ്ണങ്കോടു പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

921. പറക്കോടു പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

922. ആനന്ദപ്പിള്ളി പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

923. ഏനാത്തു പുത്തൻപള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

924. അടൂർ പുത്തൻ, പട്ടാഴി ഈ പള്ളികൾക്ക്. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

925. കലഞ്ഞൂർ പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

926. കുളക്കട പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

927. പെരിങ്ങനാടു പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

928. കരുവാറ്റാ പള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

929. കറ്റാനം വലിയപള്ളിക്കാർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

930. തലവടി പീപ്പിൾസ് ബാങ്ക് മാനേജർക്ക്. ബഥനി മെത്രാച്ചന്റെ പേരിൽ ഉള്ള തോട്ടുപടിയുള്ള പണത്തിന്റെ ഒരാണ്ടത്തെ പലിശ അയ്പിനെക്കൊണ്ടു രസീതു എഴുതി വാങ്ങിപ്പിടിച്ചുകൊണ്ടു അയച്ചുകൊടുക്കണമെന്നു. 1101 മകരം 8-നു പരുമല സിമ്മനാരിയിൽ നിന്നും.

931. കറുകയിൽ കൊച്ചുകുഞ്ഞിന്. നേന്ത്രവേലി നിലത്തിന്റെ പാട്ടക്കുഴിശ്ശിക വകയിൽ 1500 രൂപാ അയ്പു വശം അയച്ചുതരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

932. പി. പി. തൊമ്മൻ മാസ്റ്റർക്കു. സമരിയുടെ സംഗതികൾ അറിഞ്ഞതിൽ സന്തോഷിക്കുന്നു എന്നും പണപ്പിരിവു ഊർജ്ജിതത്തിൽ നടത്തണമെന്നും മറ്റും. 1101 മകരം 10-നു പരുമല സിമ്മനാരിയിൽ നിന്നും.

933. കൊച്ചുകുഞ്ചപ്പന്. പണപ്പിരിവിനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

934. തേമ്മാലിൽ തോമ്മസു അപ്പോത്തിരിക്ക്. മകളുടെ കല്യാണത്തിൽ സന്തോഷിക്കുന്നു എന്നും ആശീർവാദങ്ങളും ആശംസകളും. 1101 മകരം 10-നു പരുമല സിമ്മനാരിയിൽ നിന്നും.

935. ഈഴോംമുമ്പിൽ കുര്യൻ തോമസിനു. കല്യാണത്തിനു ആശീർവാദങ്ങളും മംഗളാശംസകളും. ശീമയാത്രയിൽ ബോംബെയിൽ വെച്ചു ചെയ്തു തന്ന ഉപകാരങ്ങളെ ഒരിക്കലും മറക്കുകയില്ലെന്നും, അഭിനന്ദനങ്ങളും മറ്റും. ടി തീയതി. ടി സ്ഥലം.

936. പുതിയമഠത്തിൽ കീവറീച്ചന്. പണപ്പിരിവ് ഉടൻതന്നെ നടത്തണമെന്നു. കാലിലെ സുഖക്കേടു സുഖമുണ്ടെന്നും ഉടൻ തിരുവനന്തപുരത്തേക്കു പോകുമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

937. കോച്ചേരി തരകൻ കാളാമ്യാലിൽ വർക്കി പൈലിക്ക്. കേസുകളെക്കുറിച്ചും, ഭർത്താവ് ഭാര്യയെ ഉപേക്ഷിച്ചു രജിസ്റ്റർ ഉടമ്പടി എഴുതിയതിനെക്കുറിച്ചു മറുപടിയും മറ്റും. ടി തീയതി. ടി സ്ഥലം.

938. ഇലഞ്ഞിക്കൽ പീലിപ്പോച്ചന്. മദ്രാസിനു പോകുന്നതിനെക്കുറിച്ചും, ഗുണ്ടൂരിൽ നിന്നും അറബിക് കാനോൻ വരുത്തുന്നതിനെക്കുറിച്ചും മറ്റും. 1101 മകരം 10-നു പരുമല സിമ്മനാരിയിൽ നിന്നും.

939. തയ്യിൽ കൊച്ചീപ്പച്ചന്. അല്ലടി വരുന്നതിനെപ്പറ്റി അറിയുന്ന വിവരത്തിനു ഉടൻ അറിവു തരണമെന്നും, പണസംബന്ധമായ കാര്യങ്ങളും മറ്റും. ടി തീയതി. ടി സ്ഥലം.

940. കൊച്ചുമെത്രാച്ചന്. യോഗം കൂടുന്നതിൽ സന്തോഷിക്കുന്നുയെന്നും, പണപ്പിരിവിനെ സംബന്ധിച്ചും, അല്ലടി വക്കീൽ വരുന്നതിനെക്കുറിച്ചും, കാൽ സുഖമായിയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

941. കെ. വി. ഏബ്രഹാം വക്കീലിന്. കേസുകളെക്കുറിച്ചും ചാണ്ടിക്കുഞ്ഞു വക്കീലിന്റെ സുഖക്കേടിനെപ്പറ്റി ദുഃഖിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

942. കെ. വി. മത്തായിച്ചനു. ചാണ്ടിക്കുഞ്ഞു വക്കീലിന്റെ സുഖക്കേടിനെക്കുറിച്ചറിഞ്ഞതിൽ വ്യസനിക്കുന്നെന്നും കാലിലെ സുഖക്കേടു ഭേദമായി എന്നും മറ്റും. 1101 മകരം 10-നു പരുമല സിമ്മനാരിയിൽ നിന്നും.

943. ഒ. എം. ചെറിയാച്ചന്. കല്ലൂപ്പാറ പകുതിയിൽ പുതുശ്ശേരി സെന്റ് തോമസ് സ്കൂൾ നമ്മുടെ വകയാണെന്നും നാലാം ക്ലാസ്സിന് ഗ്രാന്റ് അനുവദിക്കണമെന്നും സി. എം. മത്തായി എന്നയാൾ ടി സ്കൂളിന്റെ ഹെഡ്മാസ്റ്ററാണെന്നും ട്രെയിനിംഗ് കഴിഞ്ഞു നാലാം ക്ലാസ്സിലേക്കു ... എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

944. പറമ്പിൽ കൊച്ചുമ്മൻ വാദ്ധ്യാർക്കു. പണപ്പിരിവു ഊർജ്ജിതത്തിൽ നടത്തണമെന്നും കേസിന്റെ അവധി നന്നാ അടുത്തിരിക്കുന്നതുകൊണ്ടു വാദ്ധ്യാർ തന്നെ പ്രധാന സ്ഥലങ്ങളിൽ സഞ്ചരിച്ചു ഉത്സാഹമായി പണം പിരിച്ചയയ്ക്കണമെന്നും, നാം തിരുവനന്തപുരത്തിനു ഉടൻ പോകുന്നതാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

945. പാറേട്ടു മാത്യൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. 1101 മകരം 11-നു പരുമല സിമ്മനാരിയിൽ നിന്നും.

946. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

947. മട്ടയ്ക്കൽ മല്പാനു. കേസിന്റെ അവധി അറിയിച്ചുതരണമെന്നു. 1101 മകരം 12-നു പരുമല.

948. ചാവടിയിൽ തൊമ്മിയച്ചനു. ഈപ്പച്ചന്റെ വരവിനെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

949. ബഥനി മെത്രാച്ചനു. കയ്യാലാത്തു ചാക്കോച്ചനെ സംബന്ധിച്ചും വർത്തമാനങ്ങൾക്കും. 1101 മകരം 13. പരുമല.

950. കയ്യാലാത്തു ചാക്കോച്ചനു. ടിയാന്റെ സങ്കടങ്ങളെ സംബന്ധിച്ചു ബഥനി മെത്രാച്ചനു എഴുതിയിട്ടുണ്ടെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

സി. ജെ. കുര്യന്റെ മകൻ ഉതുപ്പ് മദ്രാസ്സിൽ വെച്ചു മരിച്ചുപോയതായി ഇന്നു കാലത്തു അരികുപുറത്തു കമ്പി വന്നതായി അറിഞ്ഞു. മകരം 13-നു.

951. മട്ടയ്ക്കൽ മല്പാനു. കേസുകളെക്കുറിച്ചും, കോട്ടയത്തിനു പോകുന്ന

തിനെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

952. കുറുന്തോട്ടത്തിൽ പീലിപ്പോസു കത്തനാർക്കു. അവിടത്തെ പ്രസംഗ യോഗങ്ങൾക്ക് കൊച്ചുമെത്രാച്ചന്റെയും ബഥനി മെത്രാച്ചന്റെയുംപേർക്ക് എഴുതി അയയ്ക്കണമെന്നും മറ്റു വേണ്ടതു ചെയ്യണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

953. കടമ്പനാട്ടു പള്ളിക്കാർക്കു. ആ പള്ളി വക വരുമാനങ്ങൾ പസാരം, നേർച്ചപ്പണം, കുഴിക്കാണം എന്നിവ സൂക്ഷിക്കുന്നതിന് ചുമതലക്കാർ ഇല്ലാത്തപക്ഷം കുഴപ്പങ്ങൾ നേരിടാവുന്നതാകകൊണ്ട് മുൻ ഒരിക്കൽ മുതൽപിടിയായിരുന്നു കാര്യങ്ങൾ ഭംഗിയായി നടത്തിയിട്ടുള്ള ആളായ കാവന്നാറ്റു വടക്കേമുറിയിൽ കൊറ്റനാട്ടു യോഹന്നാൻ ഇടിക്കുളയെ ഈ കല്പന മൂലം ഇന്നു മുതൽ നിശ്ചയിച്ചിരിക്കുന്നു. ഇനി വേറൊരാളെ തിരഞ്ഞെടുത്തു കല്പന അയക്കുന്നതു വരെ ടിയാൾ തന്നെ ടി കാര്യങ്ങൾ എടുപ്പിച്ചുകൊള്ളണം. 1926-നു 1101 മകരം 13-നു പരുമല സിമ്മനാരിയിൽ നിന്നും.

954. മുളമൂട്ടിൽ തോമ്മസ് കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

955. കോഴഞ്ചേരി പുത്തൻപള്ളിക്കാർക്കു. ആ പള്ളിയുടെ മുൻ മുതൽപിടിയെയും മറ്റും ചുമതലയിൽ നിന്നൊഴിച്ച് പകരം തുണ്ടിയിൽ കോരുതു അബ്രഹാമിനെ മുതൽകെട്ടുകാരനായും കൊട്ടയ്ക്കാട്ടേത്തു മത്തായി തോമസിനെ കണക്കനായും ഈ കല്പന മൂലം നിയമിച്ചിരിക്കുന്നതിനാൽ ഇനിയൊരു കല്പന ഉണ്ടാകുന്നതുവരെ ഈ കല്പന അനുസരിച്ച് കാര്യാദികൾ നടത്തിക്കൊള്ളണമെന്ന്. ടി തീയതി. ടി സ്ഥലം.

956. പുലിക്കോട്ടിൽ ശെമ്മാശന്റെ പേർക്ക്. വർത്തമാനങ്ങൾക്കും ശെമ്മാശൻ ഇങ്ങോട്ടു വരുന്നതിനെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

957. പുത്തൻപുരയിൽ തോമ്മസു കത്തനാർക്കു. മാവേലിക്കര പൊതുയോഗനിശ്ചയപ്രകാരമുള്ള പണപ്പിരിവിലേക്കു മറ്റുള്ളവരുടെ കൂടെ പട്ടക്കാരനായി ആരുമില്ലാത്തതിനാൽ ടി ആവശ്യത്തിലേക്ക് പട്ടക്കാരനായി പ്രത്യേകം ചുമതലപ്പെടുത്തിയിരിക്കുന്നു. ...

(അവസാനിച്ചു)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



ലോക പരിസ്ഥിതി ദിനാചരണത്തോട് അനുബന്ധിച്ച് ശ്രീകാര്യം, ഗ്രീഗോറിയൻ കോളജ് ഓഫ് അഡ്വാൻസ് സ്റ്റഡീസ് ക്യാമ്പസിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഫലവൃക്ഷത്തൈകൾ നട്ടു.



മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് ബി.എഡ്. (ഫിസിക്കൽ സയൻസ്) പരീക്ഷയിൽ മിൻസി ലിയ ഇഗ്നേഷ്യസിന് രണ്ടാം റാങ്ക് ലഭിച്ചു. പരുമല സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗവും, അരികുപുറത്ത് ഈപ്പൻ എം. ഫിലിപ്പിന്റെ സഹധർമ്മിണിയുമാണ്.


മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



മലമടക്കിലെ കെടാവിളക്ക്

ഫാ. കുറിയാക്കോസ് ഒ.ഐ.സി.

മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രഥമ സന്യാസ സമൂഹമായ റാന്നി-പെരുനാട് ബഥനി ആശ്രമത്തിന്റെ ചരിത്രം ആശ്രമാംഗമായിരുന്ന ഫാ. കുറിയാക്കോസ് ഒ.ഐ.സി. രചിച്ച് പ്രശസ്ത പത്രപ്രവർത്തകനായ കെ. വി. മാമ്മൻ എഡിറ്റ് ചെയ്ത് 1994-ൽ ബഥനി ആശ്രമം പ്രസിദ്ധീകരിച്ചിരുന്നു. സമകാലിക ചരിത്രരേഖകൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള ആ ഗ്രന്ഥത്തിന്റെ പരിഷ്ക്കരിച്ച രൂപം സത്യാന്വേഷികൾക്കായി പ്രസിദ്ധീകരിക്കുന്നു.



യൂഹാനോൻ മാർ അത്താനാസ്യോസ്

കോട്ടയം വാരിക്കാട്ട് തറവാട്ടിൽ പുത്തനങ്ങാടി ചക്കാലപറമ്പിലായ വടക്കേപ്പറമ്പിൽ സി. ഒ. വർക്കിയുടെയും പുതുപ്പള്ളിയിൽ ചെറുശ്ശേരി അന്നാമ്മയുടെയും പുത്രനായി 1928 മാർച്ച് 21-ന് അദ്ദേഹം ഭൂജാതനായി. സി. വി. മാണി എന്നായിരുന്നു അന്നത്തെ പേര്. പുത്തനങ്ങാടിയിലും കാരാപ്പുഴ എൻ.എസ്.എസ്. എച്ച്.എസിലുമായി പഠനം തുടർന്നു. കോട്ടയം സി.എം.എസ്. കോളജിലാണ് ഇന്റർമീഡിയറ്റു വരെ പഠിച്ചത്. ചങ്ങനാശ്ശേരി എസ്.ബി. കോളജിൽ ചേർന്ന അദ്ദേഹം തിരുവിതാംകൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ഒന്നാം റാങ്കിൽ പാസ്സായി. മാണി തിരുവിതാംകൂർ യൂണിവേഴ്സിറ്റി ഹോക്കി ടീമിന്റെ ക്യാപ്റ്റനുമായിരുന്നു.

പിന്നീട് പാലാ കോളജിൽ ഇംഗ്ലീഷ് ട്യൂട്ടറായി നിയമിച്ചു. പക്ഷേ, അധികനാൾ ജോലി തുടർന്നില്ല. വ്യക്തമായ ദൈവവിളിയനുസരിച്ച്, അദ്ദേഹം ജോലി രാജി വച്ചു. പ്രിൻസിപ്പൽ അച്ചന്റെ അനുഗ്രഹാശ്ശിസ്സോടു കൂടി 1953 മാർച്ചിൽ പെരുനാട് ബഥനി ആശ്രമത്തിൽ ചേർന്ന് സന്യാസവൃത്തി സ്വീകരിച്ചു. 1954-ൽ മൂവാറ്റുപുഴ അരമനയിൽ പോയി ഔഗേൻ മാർ തീമോത്തിയോസിന്റെ ശിഷ്യത്വം സ്വീകരിച്ച് വൈദിക പരിശീലനവും സുറിയാനി സാഹിത്യാഭ്യസനവും പൂർത്തിയാക്കി. സി. വി. മാണി തന്റെ ഗുരുവായ ഔഗേൻ ബാവായുമായുള്ള എഴുത്തുകുത്തുകൾ എല്ലാം സുറിയാനി ഭാഷയിലായിരുന്നു നടത്തിയത്. മൂവാറ്റുപുഴയിലെ അഭ്യസനം കഴിഞ്ഞ് ബഥനി ആശ്രമം സുപ്പീരിയറായ മാർ തേവോദോസിന്റെ സന്യാസശിക്ഷണത്തിൽ വളർന്നു. 1956-ൽ കശീശാപട്ടം സ്വീകരിക്കുകയും 1956 ഒക്ടോബർ 6-ന് ബഥനി ആശ്രമത്തിലെ സന്യാസപ്രതിജ്ഞ എടുക്കുകയും ചെയ്തു. അന്നു മുതൽ ഇദ്ദേഹം ഫാ. യൂഹാനോൻ ഒ.ഐ.സി. എന്നറിയപ്പെട്ടു. തന്റെ സന്യാസഗുരുവിനെപ്പോലെ ധ്യാനഗുരുവായിട്ടാണ് കൂടുതൽ പ്രശോഭിച്ചത്. 1958-ൽ ദൈവശാസ്ത്ര സംബന്ധമായ ഉപരിപഠനത്തിനുവേണ്ടി യോർക്കിലെ മർഫീൽഡ് സന്യാസ സമൂഹത്തിലെ (കമ്യൂണിറ്റി ഓഫ് റിസറക്ഷൻ) വൈദിക കോളജിൽ രണ്ടു വർഷം പഠനം നടത്തിയശേഷം 1960 ജൂലൈയിൽ ബഥനിയിൽ തിരിച്ചെത്തി. ആരോഗ്യപരമായ കാരണങ്ങളാൽ മാർ തേവോദോസിയോസ് സുപ്പീരിയർ സ്ഥാനം രാജി വയ്ക്കയാൽ 1961 മേയ് 22-ന് ആബോ യൂഹാനോൻ സുപ്പീരിയറായി. 1974-ൽ ആംഗ്ലിക്കൻ സഭയിലെ വിവിധ സന്യാസസമൂഹങ്ങളുടെ പ്രതിനിധി സമ്മേളനത്തിൽ ഓർത്തഡോക്സ് സഭയിൽ നിന്ന് നിരീക്ഷകനായി ഇംഗ്ലണ്ടിലേക്ക് വീണ്ടും പോയി. മടക്കയാത്രയിൽ സാംബിയ, ദോഹ എന്നിവിടങ്ങൾ സന്ദർശിച്ചു.

ഇദ്ദേഹത്തിന്റെ അശ്രാന്ത പരിശ്രമഫലമായുണ്ടായതാണ് കുന്നംകുളം ബഥനി ഇംഗ്ലീഷ് ഹൈസ്കൂൾ, പെരുനാട് മാർ തേവോദോസ്യോസ് മെമ്മോറിയൽ ആശുപത്രി, പെരുനാട് ബഥനി സെന്റ് മേരീസ് ഹൈസ്കൂൾ മുതലായവ (പത്തനാപുരം ഡോ. എ. ജി. ജോൺ, കോട്ടയം മെഡിക്കൽ കോളജിലെ ഡോ. ജോർജ് ജേക്കബ് മുതലായ പ്രഗല്ഭന്മാർ പെരുനാട് ബഥനി ആശുപ

ത്രിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിൽ നിർണായകമായ പങ്ക് വഹിച്ചിരുന്നു എന്നു നന്ദിപൂർവ്വം സ്മരിക്കുന്നു). കുഴിമറ്റത്ത് ബഥനി ആശ്രമത്തിന്റെ ഒരു ശാഖ തുടങ്ങുന്നതിനായി ചിങ്ങവനം മുളയ്ക്കാഞ്ചിറ കുടുംബക്കാർ ഒരേക്കർ സ്ഥലവും അതിൽ നിൽക്കുന്ന ചാപ്പലും കെട്ടിടവും ബഥനിക്കു ദാനം ചെയ്തു (ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത് ചിറത്തലാട്ട് സി. വി. ജോർജ് കോർഎപ്പിസ്കോപ്പായാണ്). റോഡരികിലുള്ള ഈ സ്ഥലത്തോട് ചേർന്ന് മൂന്ന് ഏക്കർ സ്ഥലം കൂടി ആബോ യൂഹാനോൻ ബഥനി ആശ്രമത്തിനായി വിലയ്ക്കു വാങ്ങി. 1978 മെയ് മാസത്തിൽ കുന്നംകുളം പഴഞ്ഞി ഓർത്തഡോക്സ് പള്ളിയിൽ വച്ച് മറ്റു നാലു പേരോടൊപ്പം ആബോ യൂഹാനോൻ അത്താനാസ്യോസ് എന്ന പേരിൽ എപ്പിസ്കോപ്പാ ആയി വാഴിക്കപ്പെട്ടു. അതോടുകൂടി ബഥനി ആശ്രമ സുപ്പീരിയർ സ്ഥാനം ഒഴിഞ്ഞ് കോട്ടയം ഭദ്രാസനത്തിന്റെ സഹായ മെത്രാനായി. പക്ഷേ, അധികകാലം കഴിയുന്നതിനു മുമ്പ് രോഗിയായിത്തീർന്നു കങ്ങഴ, വെല്ലൂർ എന്നീ ആശുപത്രികളിൽ ചികിത്സയ്ക്കും ഒന്നിലധികം മേജർ ഓപ്പറേഷനും വിധേയനായെങ്കിലും ശരിയായ സൗഖ്യം ലഭിച്ചില്ല. വെല്ലൂർ ആശുപത്രിയിൽ അതിവേദന അനുഭവിച്ച രംഗത്തെക്കുറിച്ച് കൂടെനിന്നു ശുശ്രൂഷിച്ച അദ്ദേഹത്തിന്റെ ശിഷ്യൻ ഫാ. ജോസഫ് ഒ.ഐ.സി. പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്: 'എന്റെ ദൈവമേ! എത്ര വലിയ വേദന വന്നാലും ഞാൻ അങ്ങയെ കൈവിടുകയില്ല, മുറുകെപ്പിടിക്കും, എന്ന രീതിയിലുള്ള പ്രാർത്ഥനയായിരുന്നു അദ്ദേഹത്തിന്റേത്.'

കങ്ങഴ ആശുപത്രിയിൽ വച്ച് 1980 ഒക്ടോബർ 12-നു പകൽ 5.45-ന് യൂഹാനോൻ മാർ അത്താനാസ്യോസ് കാലം ചെയ്കയും പിറ്റെ ദിവസം പെരുനാട് ബഥനി ആശ്രമം ചാപ്പലിൽ തന്റെ ആത്മീയ ഗുരുവിന്റെ കബറിടത്തിനു സമീപം അടക്കപ്പെടുകയും ചെയ്തു.

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസ്സേലിയോസ് മാർ തോമ്മാ മാത്യൂസ് പ്രഥമൻ

(മുദ്ര)

കർത്താവിൽ നമ്മുടെ സഹോദരൻ യൂഹാനോൻ മാർ അത്താനാസ്യോസ് മെത്രാച്ചന് സമാധാനം.

പ്രിയപ്പെട്ട തിരുമേനി,

തിരുമേനി സുഖം പ്രാപിച്ചു വരുന്നു എന്നുള്ള വാർത്തകളാണ് വെല്ലൂരിൽ നിന്നും കിട്ടിക്കൊണ്ടിരിക്കുന്നത്. അതിൽ നാം അത്യന്തം സന്തോഷിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. മനുഷ്യനാൽ അസാദ്ധ്യമായതു ദൈവത്താൽ സാദ്ധ്യമാണല്ലോ. ദൈവാനുഗ്രഹത്താൽ തിരുമേനി പരിപൂർണ്ണ സൗഖ്യം പ്രാപിച്ച് എത്രയുംവേഗത്തിൽ നാട്ടിലേക്കു മടങ്ങിവരുന്നതിന് മുട്ടിപ്പായി തിരുമേനിക്കുവേണ്ടി പ്രാർത്ഥിക്കുകയും വി. കുർബ്ബാനകളിൽ ഓർക്കുകയും ചെയ്യുന്നു. ഞാൻ മാത്രമല്ല, എല്ലാ മെത്രാച്ചന്മാരും വൈദികരും ജനങ്ങളും തിരുമേനിക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളത് തിരുമേനിക്ക് ആശ്വാസം നൽകുന്ന കാര്യമാണല്ലോ. എല്ലാവരുടെയും പ്രാർത്ഥനയാൽ ദൈവംതമ്പുരാൻ തിരുമേനിക്കു പൂർണ്ണ സൗഖ്യം നൽകുമെന്നു ഞാൻ വിശ്വസിക്കുന്നു.

കൃത്യാന്തര ബഹുലതയാൽ വെല്ലൂർക്കു വന്നു തിരുമേനിയെ കാണുവാൻ എനിക്കു സാധിച്ചില്ലെങ്കിലും, നമ്മുടെ പക്കോമിയോസ് മെത്രാപ്പോലീത്തായെയും മറ്റു മെത്രാപ്പോലീത്തന്മാരേയും എന്റെ സെക്രട്ടറി ശെമ്മാശനെയും വെല്ലൂർക്കു വിട്ട് തിരുമേനിയുടെ ക്ഷേമം അന്വേഷിച്ചുകൊണ്ടാണിരുന്നിട്ടുള്ളത്. അടുത്ത ചൊവ്വാഴ്ച ഞാൻ അമേരിക്കയ്ക്കു പോകുകയാണ്. അതിനു മുമ്പ് അവിടെ എത്തി തിരുമേനിയെ കാണുന്നതിന് ആഗ്രഹിച്ചെങ്കിലും അതിന് ഒട്ടുംതന്നെ സാവകാശം ലഭിച്ചില്ല. അതിൽ അതിയായ ഖേദം ഉണ്ട്. തിരുമേനി അക്കാര്യം എന്നോട് ക്ഷമിക്കണമെന്ന് അപേക്ഷിക്കുന്നു. ഞാൻ ഒരു മാസം അമേരിക്കയിലായിരിക്കും. മടങ്ങിവരുമ്പോൾ തിരുമേനിയെ പൂർണ്ണ സൗഖ്യത്തോടെ നാട്ടിൽ വച്ചു കാണുവാൻ സാധിക്കുമെന്നു കർത്താവിൽ ശരണപ്പെടുന്നു. തിരുമേനിക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടു നിർത്തുന്നു.

കരുണാവാരിധിയായ ദൈവംതമ്പുരാൻ തിരുമേനിയെ അനുഗ്രഹിക്കട്ടെ. ത്രീയേക ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും തിരുമേനിയോടുകൂടി ഉണ്ടായിരിക്കട്ടെ.

(ഒപ്പ്)

തിരുമേനിയുടെ പ്രിയപ്പെട്ട സഹോദരൻ

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ

കോട്ടയം
7-7-1979



യൂഹാനോൻ മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പായുടെ കബറടക്കശുശ്രൂഷാമദ്ധ്യേ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ ചെയ്ത ഹൃദയസ്പർശിയായ പ്രസംഗം കാണുക:

മാർ അത്താനാസ്യോസ് മൂന്നാം സ്വർഗ്ഗത്തോളം ഉയർത്തപ്പെട്ടിരുന്നു

'നിങ്ങളുടെ ഇടയിൽ ശുശ്രൂഷിച്ചവനായ എന്റെ മുഖം ഇനി നിങ്ങൾ കാണുക്കയില്ല.' പരിശുദ്ധനായ പൗലോസ് ശ്ലീഹാ എപ്പേസോസിലെ സഭാംഗങ്ങളോടു യാത്രപറയുന്നതായ അവസരത്തിൽ പറഞ്ഞതായ വാക്കുകൾ ഞാൻ ഇപ്പോൾ അനുസ്മരിച്ചു പോകുകയാണ്. ആ വിടവാങ്ങൽ അവിടെ ഒത്തിരി വേദനകളും വിങ്ങലുകളും ഉയർത്തിയിട്ടുണ്ട്. സ്നേഹം നിറഞ്ഞ എപ്പേസോസിലെ വിശ്വാസികൾക്കു ആ വിരഹവേദന വഹിക്കാവുന്നതിലധികമായിരുന്നു. ദുഃഖത്തിന്റെ തേങ്ങലുകൾ തോരാത്ത കണ്ണുനീരായി മാറി. 'ഇനിയും നിങ്ങൾ എന്റെ മുഖം കാണുകയില്ല' എന്നുള്ള വാക്കുകൾ ഒരു ഇടിവാൾപോലെ അവരുടെ ഹൃദയങ്ങളിൽകൂടി കടന്നുപോയി. പൗലോസ് ശ്ലീഹാ യേരുശലേമിലേക്കു പോകുകയും അവിടെ വച്ചു പിടിക്കപ്പെടുകയും തുടർന്നു തന്നെ റോമിലേക്കു കൊണ്ടുപോകുകയും ചെയ്തു.

നമ്മിൽനിന്നു വേർപെട്ടിരിക്കുന്ന ഈ കൊച്ചു മെത്രാച്ചനെ സംബന്ധിച്ചിടത്തോളം ഈ വാക്കുകൾ വളരെ അർത്ഥവത്താണ്. നമ്മുടെ സഭയിലെ മേല്പട്ടക്കാരിൽ വച്ചു ചെറുപ്പമായിരുന്ന യൂഹാനോൻ മാർ അത്താനാസിയോസ് മെത്രാച്ചൻ നമ്മിൽനിന്നു ഇപ്പോൾ വേർപിരിഞ്ഞിരിക്കുന്നു. ഈ കൊച്ചുമെത്രാച്ചന്റെ വേർപാടു ഏറ്റം ദുഃഖകരമാണ്. പക്ഷേ, അത് അപ്രതീക്ഷിതമായിരുന്നില്ല. അന്ത്യഘട്ടത്തെ പ്രതീക്ഷിച്ച് അദ്ദേഹം കഴിയുവാൻ തുടങ്ങിയിട്ടു നാളേറെയായി. തന്നെ കാർന്നുതിന്നുകൊണ്ടിരുന്ന മാരകമായ കാൻസർ രോഗത്തിന്റെ ഭീകരതയും തന്മൂലം മരണത്തിന്റെ കവാടത്തിനു മുമ്പിലാണു താൻ നിലകൊള്ളുന്നതെന്നുള്ള യാഥാർത്ഥ്യവും അദ്ദേഹത്തിനു ആരേക്കാളും വ്യക്തമായി അറിയാമായിരുന്നു. രോഗാവസ്ഥയിൽ അനേകർ അദ്ദേഹത്തെ ചെന്നു കാണുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ട്. സ്നേഹമസൃണമായ പെരുമാറ്റവും വിനയാന്വിതമായ ജീവിതവും മൂലം ഏവർക്കും പ്രിയങ്കരനായിരുന്ന ഈ കൊച്ചുമെത്രാച്ചൻ ഇന്നലെ 5 മണിക്കു നമ്മിൽനിന്നു വേർപിരിയുകയാണ് ചെയ്തിരിക്കുന്നത്. ഏതാനും നിമിഷങ്ങൾക്കകം ഈ ഭൗതികശരീരം മണ്ണിലേക്കു താഴ്ത്തപ്പെടുകയും ചെയ്യും. ഇനിമേലിൽ നാം അദ്ദേഹത്തിന്റെ മുഖം ഈ രീതിയിൽ കാണുകയില്ല. ആ യാഥാർത്ഥ്യം നമുക്കേവർക്കും വളരെ വേദ

നാജനകമാണെന്നുള്ളതിനു സംശയമില്ല. എന്നാൽ ഒരു സമയം വരും. ദൈവംതമ്പുരാൻ നിശ്ചയിക്കുന്ന ആ സമയത്തു ഈ തിരുമുഖം നാം കാണും; ഈ രീതിയിലായിരിക്കുകയില്ലെന്നു മാത്രം. രൂപാന്തരപ്പെട്ടവനായി, കൂടുതൽ തേജസ്സോടുകൂടി ഈ മുഖം നാം കാണുമെന്നു നമുക്ക് ഏവർക്കും ഉറച്ച പ്രതീക്ഷയുണ്ട്. അദ്ദേഹം ദൈവത്തിന്റെ അടുക്കലേക്കു പോയിരിക്കുന്നു. അതുകൊണ്ടു ഈ വിയോഗത്തിൽ ദുഃഖിക്കേണ്ട കാര്യമില്ല. മറിച്ചു സന്തോഷിക്കയത്രേ വേണ്ടത്.

'എനിക്കു മരിക്കുന്നതു ഏറെ നല്ലത്. തന്മൂലം ഞാൻ എന്റെ കർത്താവിനോടുകൂടി ആയിത്തീരുമെന്നതിനാൽ ഞാൻ സന്തോഷിക്കുന്നു'യെന്നു പൗലോസ് ശ്ലീഹാ സാക്ഷിക്കുന്നുണ്ട്. മാരകരോഗം നല്കിയ കഠിനവേദനയിലൂടെ കടന്നുപോകുമ്പോളൊക്കെയും പൗലോസ് ശ്ലീഹായെപ്പോലെ ഈ ലോകം കടന്നുപോയി കർത്താവിനോടുകൂടി നിത്യമായി ചേരുവാനുള്ള തന്റെ അദമ്യമായ അഭിലാഷം അദ്ദേഹം പലരോടും പറഞ്ഞിട്ടുണ്ട്. നമ്മോടും പറഞ്ഞിട്ടുണ്ട്. 'എനിക്കു മരിക്കുന്നതിനു യാതൊരു പ്രയാസവുമില്ല. ഞാൻ സദാ ഒരുക്കത്തോടുകൂടി ഇരിക്കുന്നു.' ആ സമയത്തെല്ലാമുള്ള ആദ്ദേഹത്തിന്റെ പല്ലവിയായിരുന്നു ഇവ.

ഒരു സാധാരണക്കാരനു അനുഭവിക്കുവാൻ ആവാത്ത അനുഗ്രഹങ്ങൾ അദ്ദേഹത്തിന്റെ രോഗാവസ്ഥയിൽ ലഭിക്കുകയുണ്ടായി. ഈ ലോകത്തിൽ നിന്നു നിത്യമായി വിരമിക്കുന്നതിനു മുമ്പുതന്നെ പരലോകത്തിലെ അഭൗമികമായ അവസ്ഥയെ അറിയുവാനും ആ സ്വർഗ്ഗീയ അനുഭവത്തിന്റെ മാധുര്യം നുകരുവാനും അദ്ദേഹത്തിനു സാധിച്ചുയെന്ന് അദ്ദേഹം സാക്ഷിക്കുന്നു. പൗലോസ് ശ്ലീഹായെപ്പോലെ മൂന്നാം സ്വർഗ്ഗത്തിലേക്കു അദ്ദേഹം എടുക്കപ്പെട്ടതായാണ് അദ്ദേഹം മനസ്സിലാക്കിയത്. വാക്കുകൾകൊണ്ടു വിവരിക്കുവാനോ വർണ്ണിക്കുവാനോ കഴിയാത്ത ആ അസുലഭമായ അനുഭവത്തെക്കുറിച്ചു ഒന്നിലേറെ തവണ അദ്ദേഹം പരസ്യമായി പ്രഖ്യാപിക്കുകയുണ്ടായി. വെല്ലൂർ ആശുപത്രിയിൽ വച്ചു നടന്ന മേജർ ഓപ്പറേഷൻ സമയത്തു ഏതാണ്ടു പത്തു സെക്കന്റോളം അദ്ദേഹം യഥാർത്ഥത്തിൽ മരിക്കുകയുണ്ടായി. ആ ശരീരം ചലനമറ്റു. ഡോക്ടറന്മാർ അന്ധാളിച്ചു. ആ സമയത്തു തന്റെ ആത്മാവു ശരീരത്തിൽ നിന്നു വിട്ടു ഉയരത്തിലേക്കു പറന്നു കയറിയെന്നും അവിടുത്തെ അലൗകികമായ ആനന്ദം അനുഭവിച്ചെന്നുമാണ് അദ്ദേഹം വിശ്വസിക്കുന്നത് – സാക്ഷിക്കുന്നത്. പൗലോസ് ശ്ലീഹായെപ്പോലെ മൂന്നാം സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടുയെങ്കിൽ അതു എത്രയോ ഭാഗ്യകരമായ അനുഭവമാകുന്നു. എല്ലാ തരത്തിലും പുണ്യവാനും പരിശുദ്ധനുമായ ഒരുവനേ ആ അനുഭവം ലഭിക്കുകയുള്ളൂ. അങ്ങനെയുള്ള ഒരാൾക്കു മാത്രമേ അതേക്കുറിച്ചു സാക്ഷിക്കുവാനും സാധിക്കുകയുള്ളൂ. ആ ഭാഗ്യം ലഭിച്ച ഒരാളെയാണ് നാം ഇന്നു യാത്രയയ്ക്കുന്നത്.

1978 മേയ് 15-ാം തീയതിയാണ് മറ്റു നാലുപേരോടൊപ്പം അദ്ദേഹവും മേൽപട്ടസ്ഥാനത്തേക്കു ഉയർത്തപ്പെട്ടത്. ആ ശുശ്രൂഷയിൽ പ്രധാന കാർമ്മികനായി അവരുടെ തലയിൽ കൈവച്ചു പ്രാർത്ഥിക്കുന്നതിനു നമുക്ക് അവസരമുണ്ടായി. അങ്ങനെ നമ്മുടെ ബലഹീന കൈകളാൽ ആത്മീയനൽവരം ലഭിച്ച ഈ മെത്രാച്ചൻ ഒന്നോ രണ്ടോ കൊല്ലം കഴിയുമ്പോൾ നമ്മിൽ നിന്നു കടന്നുപോകുമെന്നു കരുതിയിരുന്നില്ല.

ഞാൻ പട്ടംകൊടുത്ത ഈ മെത്രാച്ചൻ എന്നെ യാത്രയയ്ക്കും എന്നാണ് ഞാൻ പ്രതീക്ഷിച്ചത്. ഇതുപോലെയുള്ള ഒരു ഘട്ടത്തിൽ പുശ്ബശ്ലോമ്മോ ചൊല്ലി എന്നെ യാത്രയയ്ക്കേണ്ട ഒരാളേയാണ് ഞാനും നിങ്ങളും യാത്രയയ്ക്കുന്നത്. അതു തികച്ചും ദുഃഖകരമാണ്. സങ്കടമുളവാക്കുന്ന സംഗതിയാണ്. പക്ഷേ, മരണത്തെ ഞാൻ ഭയപ്പെടുന്നില്ല. മൂന്നാം സ്വർഗ്ഗത്തിലേക്കു കടന്നുപോയിരിക്കയാണ് അദ്ദേഹം. മരണമുള്ള ലോകത്തിൽനിന്നു മരണമില്ലാത്ത ലോകത്തിലേക്കു അദ്ദേഹം നീങ്ങിയിരിക്കുന്നു. അവിടെ ഹാനോക്ക് ഉണ്ട്, ഏലിയാ ഉണ്ട്, പരിശുദ്ധ ദൈവമാതാവുണ്ട്, ശുദ്ധിമാന്മാരും ശുദ്ധിമതികളുമുണ്ട്.

മേല്പട്ടസ്ഥാനത്തേക്കു അദ്ദേഹത്തെ ഉയർത്തിയപ്പോൾ അദ്ദേഹത്തിനു നല്കിയ പേര് അത്താനാസിയോസ് എന്ന് ആയിരുന്നു. അത് അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം നല്കിയതാണ്. വിശ്വാസധീരനായ പ്രഖ്യാതനായ അത്താനാസിയോസിനെപ്പോലെ വിശ്വാസത്തിൽ ഉറച്ചവനായിരുന്നു അദ്ദേഹം. ആ വാക്കിന്റെ അർത്ഥം എന്താണെന്നു ഞാൻ ചിന്തിച്ചുപോകുകയാണ്. മരണമില്ലാത്തവൻ എന്നാണെന്നു എനിക്കു തോന്നുന്നു. അങ്ങനെയെങ്കിൽ ആ പേര് അന്വർത്ഥമാണ്. അദ്ദേഹം ദൈവത്തോടുകൂടി നിത്യമായി, നിതാന്തമായി ജീവിക്കുമെന്നുള്ളതിനു സംശയമില്ല.

ഒരു നല്ല ധ്യാനഗുരുവായിരുന്നു അദ്ദേഹം. എത്രയോ പള്ളികളിൽ, സംഘങ്ങളിൽ, സമൂഹങ്ങളിൽ അദ്ദേഹം ധ്യാനം നടത്തിയിട്ടുണ്ട്. ആത്മീയമായി വളരുവാൻ എത്രയോ പേർക്ക് ആ ധ്യാനപ്രസംഗങ്ങൾ സഹായിച്ചിട്ടുണ്ട്. ഹൃദയസ്പർശകമായ ആ പ്രസംഗങ്ങൾ അനേകരുടെ ജീവിതത്തിൽ ആഴമായി സ്പർശിച്ചിട്ടുണ്ട്.

ഇവിടെ കൂടിയ ഈ വലിയ ജനക്കൂട്ടം, ആളുകൾക്കു അദ്ദേഹത്തോടുള്ള സ്നേഹത്തെ വ്യക്തമാക്കുന്നതാണ്. എല്ലാ പ്രകാരേണയും നമുക്കു സന്തോഷം നല്കിക്കൊണ്ടിരുന്ന ഒരു ഉന്നത വ്യക്തിയേയാണ് ഇന്നു നാം യാത്ര അയയ്ക്കുന്നത്. വളരെയധികം സേവനം സഭയ്ക്കു നൽകിയ ആളാണ് അദ്ദേഹം. ഇന്നത്തേക്കാൾ കൂടുതൽ അദ്ദേഹത്തിന്റെ സേവനം ഇനി ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല. സഭയ്ക്കുവേണ്ടിയും നമുക്കു ഓരോരുത്തർക്കുവേണ്ടിയും അദ്ദേഹം പ്രാർത്ഥിക്കും. നിരന്തരമായി പ്രാർത്ഥിക്കും. ദൈവത്തോടുകൂടി കഴിയുന്ന അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത ദൈവതിരുസന്നിധിയിൽ വിലയേറിയതാണ്.

ലോകത്തിൽ വടവൃക്ഷങ്ങൾ ഉണ്ട്. ശാഖോപശാഖകളായി പടർന്നു പന്തലിച്ചു, നൂറ്റാണ്ടുകളും അതിലേറെ കാലവും ജീവിക്കുന്ന കൂറ്റൻ വൃക്ഷങ്ങൾ. മറ്റുള്ളവർക്കു തണൽ പരത്തുന്ന വൻ വൃക്ഷങ്ങൾ. മണിക്കൂറുകളോ, ദിവസങ്ങളോ, മാസങ്ങളോ നില്ക്കുന്ന ചെറുചെടികളും ലോകത്തിലുണ്ട്. ലില്ലിപൂക്കൾ, താമരകൾ, റോസാപുഷ്പങ്ങൾ ഇവ പെട്ടെന്നു സുഗന്ധം പരത്തി പെട്ടെന്നു മായുന്നു, മറയുന്നു. ആ പുഷ്പങ്ങൾ എത്ര മനോഹരങ്ങളാണ്. ആ ചെടികൾ എത്ര ആകർഷങ്ങളാണ്. ഇപ്രകാരമുള്ള മനോഹര പുഷ്പങ്ങളെപ്പോലെ ഈ കൊച്ചു മെത്രാച്ചനും സുഗന്ധം പരത്തി, നമുക്ക് ഏവർക്കും സന്തോഷം പകർന്നുകൊണ്ട് നമ്മുടെയിടയിൽ കുറച്ചുനാൾ ജീവിച്ചു. ഇവിടെ മിന്നിത്തിളങ്ങി ഇന്നു മൺമറഞ്ഞിരിക്കയാണ്. ആ ജീവിതം ധന്യമായിരുന്നു. സുഗന്ധം പരത്തുന്നതായിരുന്നു. അനുകരണാർഹമായിരുന്നു. അദ്ദേഹം ദൈവംതമ്പുരാന്റെ അടുക്കലേക്കു കടന്നുപോയിരിക്കുന്നു. അവിടെയും സുഗന്ധം പരത്തി ആ ജീവിതം പരിലസിക്കും. അദ്ദേഹത്തിന്റെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ.

(മലങ്കരസഭാ മാസിക, 1980 ഡിസംബർ)

പൗലൂസ് മാർ പക്കോമിയോസ്

ബഥനി ആശ്രമത്തിൽ നിന്ന് പിന്നീട് മേല്പട്ടക്കാരനായത് പൗലൂസ് മാർ പക്കോമിയോസ് ആണ്. 1946 ജനുവരി 26-നു കുറിച്ചി കോലത്തുകളത്തിലായ നെയ്ശേരിൽ കെ. കെ. ജോൺ ബി.എ. എൽ.ടി. യുടെയും ഹരിപ്പാട് മുട്ടം പാലമൂട്ടിൽ റിട്ട. ജഡ്ജി പി. എ. ഉമ്മന്റെ സഹോദരിയായ മറിയാമ്മയുടെയും ദ്വിതീയ പുത്രനായി ഇദ്ദേഹം ജനിച്ചു. ചങ്ങനാശ്ശേരി എസ്.ബി. കോളജിൽ നിന്ന് ഫിസിക്സിൽ ബിരുദം നേടിയശേഷം 1969-ൽ ബഥനി ആശ്രമത്തിൽ ചേർന്നു. 1978-80 വരെ ഇംഗ്ലണ്ടിൽ ഉപരിപഠനം നടത്തി. ഇംഗ്ലണ്ടിലെ ലീഡ്സ് സർവ്വകലാശാലയിൽ നിന്നും എം.റ്റി.എച്ച്. ബിരുദം നേടി. പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് 1973-ൽ ശെമ്മാശുപട്ടം നൽകി. 1974 ജനുവരി 8-ന് നിയുക്ത കാതോലിക്കാ മാത്യൂസ് മാർ അത്താനാസിയോസ് വൈദികപട്ടം നൽകി. 1977-ൽ സന്യാസവ്രതം എടുത്തു. കൽക്കട്ട ബിഷപ്പ്സ് കോളജിൽ നിന്ന് ബി.ഡി. ബിരുദം കരസ്ഥമാക്കിയശേഷം ഇംഗ്ലണ്ടിലെ മിർഫീൽഡ് ആംഗ്ലിക്കൻ സന്യാസാശ്രമത്തിൽ താമസിച്ച് അവരുടെ തിയോളജിക്കൽ അക്കാദമിയിൽ പരിശീലനം നേടി. അക്കാലയളവിലാണ് ഓർത്തഡോക്സ് സഭയ്ക്ക് ലണ്ടനിൽ സ്വന്തമായ ഒരു ആരാധനാലയം ലഭിച്ചത്. അദ്ദേഹം നാട്ടിൽ തിരികെ വന്ന് സണ്ടേസ്കൂൾ സെൻട്രൽ കമ്മിറ്റി മെമ്പർ, അഖില മലങ്കര സന്യാസ സമൂഹങ്ങളുടെ ജനറൽ സെക്രട്ടറി, കിഴക്കമ്പലം (ആലുവാ) കന്യാസ്ത്രീമഠത്തിന്റെ ചാപ്ലെയിൻ എന്നീ നിലകളിൽ പ്രവർത്തിച്ചു.

ഫാദർ പൗലോസ് ഒ.ഐ.സി. എന്ന പേരിൽ മലങ്കരസഭ മുഴുവൻ ധ്യാനഗുരുവായി അറിയപ്പെട്ടു. 1986-93 വരെ ബഥനി ആശ്രമത്തിന്റെ സുപ്പീരിയറായി പ്രവർത്തിച്ചു.

കോട്ടയം മെഡിക്കൽ കോളജ് ചാപ്പൽ, ചങ്ങനാശ്ശേരി, റാന്നി-പെരുനാട്,

ലണ്ടൻ, വടശ്ശേരിക്കര എന്നിവിടങ്ങളിൽ ദീർഘകാലം വൈദിക ശുശ്രൂഷ നിർവ്വഹിച്ചു.

1992 സെപ്റ്റംബർ 10-ന് പരുമലയിൽ നടന്ന മലങ്കര അസോസിയേഷൻ മേൽപട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1992 ഡിസംബർ 18-ന് നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ്, റമ്പാൻ സ്ഥാനം നൽകി.

1993 ആഗസ്റ്റ് 16-ന് പ. ബസേലിയോസ് മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ, 'പൗലോസ് മാർ പക്കോമിയോസ്' എന്ന നാമത്തിൽ എപ്പിസ്ക്കോപ്പായായി വാഴിച്ചു. ഇടുക്കി, അങ്കമാലി ഭദ്രാസനങ്ങളുടെ സഹായ മെത്രാപ്പോലീത്തായായി പ്രവർത്തിച്ചു. 2002 ആഗസ്റ്റ് 10-ന് രൂപീകൃതമായ മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി. ഹ്രസ്വമായ കാലയളവിൽ മാവേലിക്കര ഭദ്രാസനം ദ്രുതഗതിയിൽ വളർന്നു.

മൂന്നു കോടി രൂപ ചെലവിൽ പണിതുയർത്തിയ 'തെയോ ഭവൻ' അരമന സമുച്ചയം 2008 ഒക്ടോബർ 22, 23 തീയതികളിൽ കൂദാശ നിർവ്വഹിച്ചു. ഒക്ടോബർ 26-ന് മാവേലിക്കര ഭദ്രാസനകേന്ദ്രമായ 'തെയോ ഭവൻ' ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഓണാട്ടുകരയുടെ നാലുകെട്ടും, മധ്യതിരുവിതാംകൂറിന്റെ വാസ്തുശില്പവും ഒത്തിണങ്ങിയ അരമനയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി. മാവേലിക്കര ഭദ്രാസനത്തിൽ 40 പള്ളികളും 12 ചാപ്പലുകളും ഉണ്ട്. കൊല്ലം, നിരണം, ചെങ്ങന്നൂർ ഭദ്രാസനങ്ങളിൽ നിന്നും പള്ളികൾ ചേർത്താണ് മാവേലിക്കര ഭദ്രാസനം രൂപീകരിച്ചത്.



പരുമല സെമിനാരി കൗൺസിൽ അംഗം, കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി ഗവേണിംഗ് ബോർഡ് അംഗം, മലങ്കരസഭാ റിലീജിയസ് കമ്മിറ്റി സെക്രട്ടറി, സണ്ടേസ്കൂൾ ടെക്സ്റ്റ് ബുക്ക് കമ്മിറ്റി മെമ്പർ, ബാലികാമഠം സ്കൂൾ ഗവേണിങ്ങ് ബോർഡ് മെമ്പർ, മർത്തമറിയം സമാജം പ്രസിഡന്റ്, കാതോലിക്കേറ്റ് & എം.ഡി. സ്കൂൾ മാനേജർ, വിദ്യാർത്ഥി പ്രസ്ഥാനം വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. നിരവധി എക്യുമെനിക്കൽ സമിതികളിലും പ്രവർത്തനങ്ങളിലും പങ്കുചേർന്നു. ഇന്റർ ചർച്ച് കൗൺസിലിന്റെ വിദ്യാഭ്യാസ സമിതിയിലും നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിലും മലങ്കരസഭയെ പ്രതിനിധീകരിച്ചു.

കിഴക്കമ്പലം ദയറാ, റാന്നി-പെരുനാട് ബഥനി കോൺവെന്റ്, റാന്നി ഹോളി ട്രിനിറ്റി ആശ്രമം എന്നിവയുടെ വിസിറ്റർ ബിഷപ്പ് ആയിരുന്നു. ഹരിപ്പാട് ബാല ഭവൻ, ചേപ്പാട് മാർ ദീവന്നാസിയോസ് വൃദ്ധ ഭവൻ എന്നിവയുടെ പ്രസിഡന്റ് ആയിരുന്നു. മാവേലിക്കര ഭദ്രാസനത്തിൽ നിന്നും 2012-ൽ ആരംഭിച്ച 'തെയോ നാദം' മാസികയുടെ സ്ഥാപക പ്രസിഡന്റ് ആണ്.

മലങ്കര ഓർത്തഡോക്സ് സഭയുടെ സാക്ഷ്യവും ജീവിതവും തപോനിഷ്ഠയും ഇടയ ശുശ്രൂഷയിൽ ഉൾക്കൊള്ളിച്ച പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ കാതോലിക്കേറ്റിന്റെ ഉൾഭരണ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും കാത്തുസൂക്ഷിക്കുന്നതിനായി അക്ഷീണം യത്നിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ തനിമയും സ്വാതന്ത്ര്യവും അഭംഗുരം കാത്തുസൂക്ഷിക്കണമെന്ന് ആഹ്വാനം പകർന്ന അദ്ദേഹം തപോജീവിതത്തിന്റെ പ്രകാശം ഏവർക്കും പകർന്നു നൽകി.

(തുടരും)

വചനതീർത്ഥം

പെന്തിക്കോസ്തിക്ക് ശേഷം മൂന്നാം ഞായർ

(യോഹ. 6:35–46)

ഫാ. ജെറിൻ ജോൺ അടൂർ



കർത്താവായ യേശുതമ്പുരാൻ ജീവന്റെ അപ്പം ആയി സാക്ഷ്യപ്പെടുത്തുന്ന അനുഗൃഹീതമായ വേദഭാഗം. വെറുമൊരു അപ്പക്കഷണത്തെ തന്റെ പ്രതിരൂപമായി തിരഞ്ഞെടുത്തതാണ് യേശുവിന്റെ ഏറ്റവും മനോഹരമായ നൈപുണ്യം. വിശുദ്ധിയുടെ പര്യായമാണ് അപ്പം അഥവാ ആഹാരം. ജീവൻ നൽകുന്ന എന്തും വിശുദ്ധമാണ്. നമുക്കറിയാം, ജീവിക്കുക, ജീവിക്കാൻ സഹായിക്കുക അതാണ് മാനുഷികവും ദൈവികവുമായ നിയമങ്ങളിൽ ഏറ്റവും പ്രധാനമെന്നത്. ആത്മീയതയുടെ അമൂർത്തതയിൽ മാത്രമല്ല ദൈവിക ജീവൻ നമ്മിലേക്ക് പ്രവഹിക്കുന്നത്. അത് ഭൗതികതയേയും ആശ്രയിക്കും എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ആഹാരമായി മാറുന്ന ദൈവചിത്രം. ഭക്ഷണം, വെള്ളം, ശുദ്ധവായു, തുടങ്ങിയവ തീർത്തും ലളിതമായ യാഥാർത്ഥ്യങ്ങളാണ്, അതു പോലെതന്നെ ഉദാത്തമായ ദൈവിക രഹസ്യങ്ങളുടെ അതിരുകൾ പങ്കിടുന്നവയുമാണ്.

ക്രിസ്തുവിന്റെ അസ്തിത്വവും ദൗത്യവും പൂർണ്ണമായി സംഗ്രഹിക്കപ്പെടുന്നു

യേശു അപ്പമായി സ്വയം വെളിപ്പെടുത്തുന്നു. ജീവന്റെ അപ്പം എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നത്? ജീവിക്കാൻ അപ്പം ആവശ്യമാണ്. വിശക്കുന്നവൻ വിശിഷ്ടവും വിലകൂടിയതുമായ ഭോജ്യമല്ല ആവശ്യപ്പെടുക. അവർ അപ്പം ചോദിക്കുന്നു. ജോലിയില്ലാത്തവൻ വലിയ ശമ്പളം ചോദിക്കുന്നില്ല. മറിച്ച് ജോലിയാകുന്ന 'അപ്പം' ചോദിക്കുന്നു. അനുദിനജീവിതത്തിന് അത്യാവശ്യമായ അപ്പമാണ് യേശു. യേശുവിനെ കൂടാതെ യാതൊന്നും നടക്കില്ല. പലതരം അപ്പങ്ങളിലൊന്നല്ല, മറിച്ച് ജീവന്റെ അപ്പമാണ് അവിടുന്ന്. അവിടുന്നില്ലാത്ത പക്ഷം നമ്മൾ ജീവിക്കുകയല്ല, മറിച്ച് ജീവിതം തള്ളിനീക്കുക മാത്രമാണ്. കാരണം, അവിടുന്നു മാത്രമാണ് നമ്മുടെ ആത്മാവിനെ പോഷിപ്പിക്കുന്നത്. എല്ലാവരും നിരാശപ്പെടുത്തിയാലും നാം സ്നേഹിക്കപ്പെടുന്നുവെന്ന അവബോധം നമ്മിലുണർത്തുന്നത് അവിടുന്ന് മാത്രമാണ്. സ്നേഹിക്കാനുള്ള കരുത്ത് നമുക്കു നൽകുന്നതും ക്ഷമിക്കാനുള്ള ശക്തി നൽകുന്നതും ഹൃദയശാന്തി നൽകുന്നതും നിത്യജീവിതം സമ്മാനിക്കുന്നതും യേശു മാത്രമാണ്. അവിടുന്ന് ജീവിതത്തിന്റെ അനിവാര്യമായ അപ്പമാണ്.

'ഞാൻ ജീവന്റെ അപ്പമാണ്' എന്ന പ്രയോഗം അവിടുത്തെ അസ്തിത്വവും ദൗത്യവും പൂർണമായി സംഗ്രഹിക്കുന്നു. കർത്താവിന്റെ ഈ വാക്കുകൾ വി. കുർബാനയെന്ന ദാനത്തെകുറിച്ചുള്ള വിസ്മയം നമ്മിലുണർത്തുന്നു. ജീവന്റെ അപ്പത്തെ ആരാധിച്ചുകൊണ്ട് ഈ വിസ്മയത്തെ നമുക്കു നവീകരിക്കാം. ആരാധന ജീവിതത്തെ വിസ്മയഭരിതമാക്കുന്നു.

ദൈവീക രഹസ്യങ്ങളുടെ അതിരുകൾ പങ്കിടുന്ന അനുഭവം

വെറുമൊരു അപ്പക്കഷണത്തെ തന്റെ പ്രതിരൂപമായി തിരഞ്ഞെടുത്തതാണ് യേശുവിന്റെ ഏറ്റവും മനോഹരമായ നൈപുണ്യം. വിശുദ്ധിയുടെ പര്യായമാണ് അപ്പം അഥവാ ആഹാരം. ജീവൻ നൽകുന്ന എന്തും വിശുദ്ധമാണ്. നമുക്കറിയാം, ജീവിക്കുക, ജീവിക്കാൻ സഹായിക്കുക അതാണ് മാനുഷികവും ദൈവികവുമായ നിയമങ്ങളിൽ ഏറ്റവും പ്രധാനമെന്നത്. ആത്മീയതയുടെ അമൂർത്തതയിൽ മാത്രമല്ല ദൈവിക ജീവൻ നമ്മിലേക്ക് പ്രവഹിക്കുന്നത്. അത് ഭൗതികതയേയും ആശ്രയിക്കും എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ആഹാരമായി മാറുന്ന ദൈവചിത്രം. ഭക്ഷണം, വെള്ളം, ശുദ്ധവായു, തുടങ്ങിയവ തീർത്തും ലളിതമായ യാഥാർത്ഥ്യങ്ങളാണ്, അതുപോലെതന്നെ ഉദാത്തമായ ദൈവിക രഹസ്യങ്ങളുടെ അതിരുകൾ പങ്കിടുന്നവയുമാണ്.

ലളിതമായ കാര്യങ്ങളിലാണ് ആഴമായ ദൈവീകത അടങ്ങിയിട്ടുള്ളത്. ക്രൈസ്തവികതയുടെ ഉത്കൃഷ്ടത ലാളിത്യത്തിലെ ദൈവികതയാണെന്ന് തന്നെ പറയാം. ദൈവവും മനുഷ്യനും ഒന്നായി മാറുന്ന മനുഷ്യാവതാരം. ദ്രവ്യവും ആത്മാവും പരസ്പരം ആലിംഗനം ചെയ്യുന്ന കൂദാശകൾ. ഒരു കഷണം അപ്പത്തിലേക്ക് പരകായപ്രവേശം നടത്തുന്ന ദൈവപുത്രൻ. അങ്ങനെ മനുഷ്യാവതാരം എന്ന മഹാരഹസ്യം അനുദിനമെന്നപോലെ അൾത്താരയിൽ അനുഭവമാകുന്ന ദിവ്യലാവണ്യം. അതുകൊണ്ടു തന്നെ ക്രൈസ്തവ ആത്മീയതയിൽ ഭൗതികത ഒരു ശത്രുവല്ല. ഈ ഭൂമിയും സർവചരാചരങ്ങളും ദൈവിക ജീവൻ നമ്മിലേക്ക് പകർന്നു നൽകുന്ന ചാലകങ്ങളാണ്. ഒരു കഷണം അപ്പം ക്രിസ്തുവായി മാറി നമ്മിൽ ജീവൻ പകർന്നു നൽകുന്നത് പോലെ സകലതിനും ഒരു ദൈവിക മാനമുണ്ടെന്ന തിരിച്ചറിവാണ് ക്രൈസ്തവികത.

ജീവൻ എന്ന സങ്കൽപ്പമാണ് ഇന്നത്തെ സുവിശേഷത്തിലെ ഓരോ വാക്കുകളുടെയുള്ളിലും അന്തർലീനമായി കിടക്കുന്ന യാഥാർത്ഥ്യം. ഒരോ വാക്യത്തിലെയും നാഡീസ്പന്ദനമാണീ സങ്കൽപ്പം. ഇത്തിരിയോളം സന്ദേഹം ഉള്ളിലുണരുമ്പോൾ ചോദിച്ചുപോകുന്ന ഒരു ചോദ്യമുണ്ട്; "എന്റെ ജീവിതത്തിൽ യേശുവിന് സ്ഥാനം കൊടുക്കേണ്ട കാര്യമുണ്ടോ?" അതിനുള്ള ഉത്തരം ചിലപ്പോൾ തീവ്രമായി തോന്നാം. ചിലപ്പോൾ വികലമായി അനുഭവപ്പെടാം. അല്ലെങ്കിൽ ചിലപ്പോൾ തീർത്തും ലളിതമായിപ്പോയി എന്നും ചിന്തിക്കാം. എങ്കിലും ഉത്തരം ഒന്നേയുള്ളൂ, "അവനാണ് എന്റെ ജീവൻ!"

"ഞാൻ ജീവന്റെ അപ്പമാണ്" എന്ന വെളിപ്പെടുത്തലിൽ ജീവൻ നൽകുന്നതിനേക്കാൾ വലിയ സ്നേഹമില്ല എന്ന യേശുവിന്റെ വചനമുണ്ട്. ആ വെളിപ്പെടുത്തലിലെ അവന്റെ ദൃഢത നമ്മൾ ശ്രദ്ധിക്കണം. മറ്റാർക്കും നൽകാൻ സാധിക്കാത്ത ഒരു കാര്യമാണ് അവൻ ഉറപ്പു നൽകുന്നത്. അത് ജീവനാണ്. അന്നന്നു വേണ്ടുന്ന അപ്പത്തിലൂടെ പകർന്നുനൽകുന്ന ദൈവിക ജീവൻ. നീ അവന്റെ ജീവിതത്തെ നിന്നിലേക്ക് സ്വാംശീകരിക്കുമ്പോൾ അവൻ നിനക്ക് അപ്പമായി മാറും. പുതിയൊരു ഊർജ്ജം നിന്നിൽ നിറയും. പുതിയൊരു വിത്ത് നിന്നിൽ മുളപൊട്ടും. മാനവികതയുടെ പുളിമാവായി നീ നിന്റെ ജീവിത പരിസരത്ത് നിറയാൻ തുടങ്ങും.

'അവൻ എന്നിലും ഞാൻ അവനിലും വസിക്കുന്ന' അസുലഭ മുഹൂർത്തം

"എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (56). ക്രൈസ്തവ ആത്മീയതയിൽ വളരെ നിർണായകമാണ് ഈ വചനം. അവൻ എന്നിലും ഞാൻ അവനിലും! ദൈവീക രഹസ്യത്തിന്റെ ഐശ്വര്യം മുഴുവനും ഈ വരിയിലുണ്ട്. ഞാനും ക്രിസ്തുവും ഒന്നായി മാറുന്ന പരമ ദിവ്യമുഹൂർത്തം. വിശ്വാസ രഹസ്യത്തിന്റെ ഈ അർത്ഥഭംഗി തീർത്തും ലളിതമാണ്. യേശു എന്നിൽ ജീവിക്കുന്നു, ഞാൻ അവനിലും. നമ്മിലൂടെ മനുഷ്യാവതാരം തുടർന്നുകൊണ്ടിരിക്കുന്നു. മറിയത്തിന്റെ ഉദരത്തിൽ മാംസം ധരിച്ച ആ വചനം നമ്മിലൂടെ ജീവിക്കുന്നു. ഒരു ഗർഭവതി കുഞ്ഞിനെ വഹിക്കുന്നതു പോലെ നമ്മൾ ക്രിസ്തുവാഹകരാകുന്നു, സുവിശേഷ വാഹകരാകുന്നു, പ്രകാശ വാഹകരാകുന്നു. എന്റെ ഹൃദയത്തെ അവൻ ആഗിരണം ചെയ്യുന്നു, അവന്റെ ഹൃദയത്തെ ഞാനും. അങ്ങനെ ഞങ്ങൾ ഒന്നായി മാറുന്നു. ഈ ഒന്നാകലിന്റെ അനുഭവത്തിലൂടെ കടന്നുപോയിട്ടുള്ള ഒരു വിശ്വാസിക്ക് പരിശുദ്ധ കുർബാനയെ ഒഴിവാക്കാൻ പറ്റുമോ എന്ന കാര്യം സംശയമാണ്.

യേശുവിനെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുകയെന്നത് ആരാധനക്രമത്തിന്റെ മാത്രം കാര്യമാണോ? അല്ല. ആഘോഷങ്ങളിൽ തളച്ചിടേണ്ട ഒരു കാര്യമായിട്ടല്ല അതിനെ കരുതേണ്ടത്. അത് അനുദിനജീവിതത്തിന്റെ ആഴങ്ങളിൽ നിന്നും പെറ്റുപെരുകേണ്ട ജൈവീകമായ വിശ്വാസത്തിന്റെ ആഘോഷമായി മാറണം. ഭൂമിയെന്ന അൾത്താര മേലുള്ള ജീവന്റെ വിത്ത് വിതയ്ക്കലാകണം. ക്രിസ്തുവിനെ ഭക്ഷിച്ചും പാനം ചെയ്തും ദൈവിക ജീവൻ നിലനിർത്തുന്നവനാണ് ഞാൻ എന്ന് പറയുവാനുള്ള ആത്മധൈര്യം നീ സ്വരൂപിക്കേണ്ടത് നിന്റെ ജീവിതം അവന്റെ ജീവിതവുമായി അനുരൂപപ്പെടുത്തികൊണ്ട് മാത്രമായിരിക്കണം. അവന്റെ കണ്ണുകളിലുണ്ടായിരുന്ന ആർദ്രത നിന്റെ കണ്ണുകളിലുമുണ്ടാകണം. അവന്റെ കരങ്ങളിലെ കരുണ നിന്റെ കരങ്ങൾക്കുമുണ്ടാകണം. അവന്റെ കരളിലെ അൻപ് നിന്റെയുള്ളിലുമുണ്ടാകണം. ❑

Church Calendar

BEING ONE WITH THE FATHER

(Third Sunday after Pentecost, John 6: 35-46)

Fr. Sajoie Samuel



"All that the Father giveth me shall come to me; and him that cometh to me I will in no wise cast out."(John 6 : 37)

This verse is a powerful declaration by Jesus. It emphasizes both God's sovereignty in drawing people to Jesus and Jesus' unwavering acceptance of those who come to Him. This verse shows the luxury that we enjoy as the spiritual heirs of Jesus Christ, a spiritual journey that equips us with profession of faith that equips us with eternal life.

I. Human Will and Belief:

Jesus acknowledges the human will's capacity to reject evidence even after demanding proof. Some reject Him due to preconceived notions, while others find satisfaction in Him as the Holy One of God. The Nicodemus types waver, almost believing but held back by their will. And there are even traitors among the faithful few (like Judas).

There is hope for those who understand their spiritual role in deification and who work upon it. Indeed the Gospels are proof to those spiritually dead who dared to believe and reaped the spiritual benefits. Starting from Abel, such spiritual gaints have always have had a healthy relation with their spiritual convictions. For Jesus exhorts us to be as perfect as our Heavenly Father as it would lead us to be like Him as envisioned by Him.

II. Divine Will and Acceptance:

The reconciliation between God's eternal will (which enables human choice) and man's determination (which responds to God's gift) transcends reason but is experienced in life. It's the interplay of free will and free grace. God's grace works with our good will, leading us to faith. When both gel well, it leads to spiritual fruition. To acceptance God's will is to accept His benign self that transcends all evil and leads us to belief.

To accept divine will has been the spiritual journey that many spiritual stalwarts have taken. Mary was willing to discard herself in her quest to let her Savior succeed in His plans for humanity. It is when we align our wants to divine wants that we succeed in our spiritual goals. David could have fought Goliath and trounced him, without giving any glory to God. But he picks up the sling with God's name on his lips and this helped him to gain victory sans any military prowess.

III. Assurance of Acceptance:

Jesus promises that anyone who comes to Him will not be cast out. His acceptance is unwavering. The original Greek conveys this beautifully: "him that is on the way I will in no wise cast out."Remember, this verse speaks of divine invitation, human response, and the assurance of acceptance. It's a comforting promise for all who seek Jesus. We have the assurance of acceptance in Jesus that emboldened us to take up our woes to Him and challenge our iniquities.

Isn't this acceptance the basis of every human beings survival? Even a new born child is on the lookout for acceptance from his/her guardians. Even in the animal kingdom this feature is prevalent. And it is here that we are given an assurance that foreign gods lack. So if we are leading a spiritually worthy life, then our acceptance to Godly path is a spiritual reality. It is this assurance that each Member of the Holy Trinity has assured us. This acceptance ensures us a seat in heaven as spiritual heirs to our Savior.

❑

ഡോ. വർഗീസ് പുന്നൂസ് കോട്ടയം മെഡിക്കൽ കോളജിന്റെ പുതിയ പ്രിൻസിപ്പൽ



കോട്ടയം: ഡോ. വർഗീസ് പുന്നൂസ് കോട്ടയം മെഡിക്കൽ കോളജിന്റെ പുതിയ പ്രിൻസിപ്പൽ. 27 വർഷമായി കോട്ടയം മെഡിക്കൽ കോളജിലും ആലപ്പുഴ മെഡിക്കൽ കോളജിലും പ്രൊഫസർ ആയി സേവനം അനുഷ്ഠിച്ച ഇദ്ദേഹം വാകത്താനം സ്വദേശിയും വള്ളിക്കാട്ട് പണിക്കശ്ശേരിൽ കുടുംബാംഗവുമാണ്.

മാനസികാരോഗ്യ രംഗത്ത് ദേശീയവും അന്തർദേശീയവുമായ പല പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. മികച്ച പ്രഭാഷകൻ ഗ്രന്ഥകർത്താവ് എന്നീ നിലകളിലും ശ്രദ്ധേയനായ ഇദ്ദേഹം ഇന്ത്യൻ അസോസിയേഷൻ ഓഫ് സോഷ്യൽ സൈക്യാട്രിയുടെ ദേശീയ സെക്രട്ടറി ജനറൽ, സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റി മെമ്പർ, കേരള ആരോഗ്യ സർവകലാശാല പി.ജി ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പർ എന്ന നിലകളിലും സേവനമനുഷ്ഠിക്കുന്നു.

മുൻ സഭാ മാനേജിംഗ് കമ്മിറ്റിയംഗവും സഭയുടെ മാനവ ശാക്തീകരണ വിഭാഗത്തിന്റെ മുഖ്യ പ്രവർത്തകരിൽ ഒരാളുമാണ്.

ഭാര്യ ഡോ. ഷെറിൻ ജോസഫ് (മെഡിക്കൽ സൂപ്രണ്ട് & സീനിയർ കൺസൾറ്റന്റ് ഗൈനക്കോളജിസ്റ്റ് - സെന്റ് ഗ്രീഗോറിയോസ് മെഡിക്കൽ മിഷൻ പരുമല). മക്കൾ: ഡോ സ്നേഹ സൂസൻ വർഗീസ് (മെൽബൺ), സ്മിത സൂസൻ വർഗീസ് (ഇംഗ്ലീഷ് വിഭാഗം, ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി).



കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പലായി ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ ചുമതല ഏറ്റു. സെമിനാരി വൈസ് പ്രസിഡണ്ട് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ, മുൻ പ്രിൻസിപ്പൽ ഫാ. ഡോ. റെജി മാത്യൂസ്, സെമിനാരി അധ്യാപകർ, കുടുംബാംഗങ്ങൾ എന്നിവർ സമീപം.



ചെങ്ങന്നൂർ ഭദ്രാസന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെയും, വിദ്യാജ്യോതി യുടെയും നേതൃത്വത്തിൽ പുതിയ അദ്ധ്യായന വർഷം ആരംഭിക്കുന്നതിന് മുൻപ് ബഥേൽ അരമനയിൽ വെച്ച് 'ഗുരുവന്ദനം 2024' നടത്തപ്പെട്ടു. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.



പരുമല സെന്റ് ഗ്രീഗോറിയോസ് കോളേജ് ഓഫ് സോഷ്യൽ സയൻസിന്റെ ആഭിമുഖ്യത്തിൽ MSW 2021-2023 ബാച്ച് വിദ്യാർത്ഥികളുടെ ബിരുദാനന്തര ബിരുദ ചടങ്ങ് 'അച്ചീവേഴ്സ് ഫിയസ്റ്റ 2024' ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് ഉദ്ഘാടനം ചെയ്തു. മലങ്കര മല്പാൻ ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട് റീസ് കോർഎപ്പിസ്കോപ്പാ, എം.ജി. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്തു.



Adv. Ms Tissy Annie Thomas, daughter of Mariamma Thomas and Thomas O. V. for achieving 1st Rank in LLM (criminal law and forensic science) from National Law University, Shimla. Currently she is working as Legal Associate in KMNP Law, Delhi.

FAMCOLT 2024-25: Refresh...Reflect....Reset

Sweety Thomas

A family vacation that was not just a holiday. The 4 days that we spend this summer as part of the maiden FAMCOLT gave us so much more than just an opportunity to see some of the Orthodox Church's historically significant, often unknown churches that are hidden gems.

1) The entire experience had such a plethora of workshops and sessions that it left you with a recognition of how deep our faith is and how much there is to learn. From church history to hymnology to iconography to traditions of worship and so much more.

2) An exposure to some of the best thought leaders in the church that embody humility and a desire to share their deep understanding and knowledge

3) Being able to see first hand the important monasteries, convents, churches, etc

4) A chance to give your children a strong start in their faith journey in a language that they understand and in a space that gives them the freedom to be themselves

5) A chance to see firsthand the lives of sacrifice that some of our church leaders lead whether it is the monks in the monastery who are constantly praying the Jesus Prayer over all of us or the Sisters in Bethlehem Convent who are intercedihg for people to find their ministries.

6) A space to question, debate and learn without fear or judgment

But above all for us, it was the bonds that we built. People who seemed to share a common purpose, who are all seeking and struggling but also wish to do it as a church family. The feeling of finding a community held together by Christ's love is



priceless and often impossible in our worldly lives.

So if you ask me was it sweltering hot....yes it was on most days...was it basic interms of facilities....yes it was but we barely noticed....was it hardwork.....yes internal change often is.

But are we glad we went....absolutely we could not have made a better choice for a family vacation that was so much much more...

Hope our experience helps you make this choice for your Family COLT 2025.